പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 166</u> <u>28/06/2016 ൽ മറുപടിക്ക്</u>

<u>തീർപ്പു കൽപ്പിക്കാതെയുള്ള ഫയലുകൾ</u>

| | <u>ചോദ്യം</u><br><br>ശ്രീ. എം. രാജഗോപാലൻ | | <u>ഉത്തരം</u><br><br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ ഡി.എച്ച്.എസ്, ഡി.ഐ.എസ്.എം, ഹോമിയോ ഡയറക്ടറേറ്റുകളിലും മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടറേറ്റുകളിലുമായി എത്ര ഫയലുകൾ തീർപ്പു കൽപ്പിക്കാതെ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിനു കീഴിൽ മൊത്തം 6819 ഫയലുകൾ ആണ് തീർപ്പുകൽപ്പിക്കാനുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു.<br>ഡി.എച്ച്.എസ് - 3417<br>ഡി.ഐ.എസ്.എം - 2963<br>ഹോമിയോ ഡയറക്ടറേറ്റ് - 130<br>മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടറേറ്റ് - 309<br>= 6819 |
| (ബി) | ഒരു ഫയൽ / തപാൽ ലഭിച്ചാൽ ഇപ്പോൾ എത്ര ദിവസത്തിനകം ബന്ധപ്പെട്ട ഫയൽ / തപാലിൻ മേൽ നടപടി സ്വീകരിച്ച് അപേക്ഷകനോ/വകുപ്പിനോ കൈമാറുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | എം.ഒ.പി പ്രകാരം 5 ദിവസതത്വം പാലിച്ചുകൊണ്ട്, ലഭ്യമാകുന്ന തപാലുകളിൽ നടപടി സ്വീകരിക്കാറുണ്ട്. നടപടി സ്വീകരിച്ച് തീർപ്പു കൽപ്പിക്കുന്നതിന് എത്ര ദിവസം എടുക്കുമെന്നത് ഫയലിൽ കൈകാര്യം ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് വ്യത്യസ്തമായിരിക്കും. |
| (സി) | ഫയൽ / തപാലുകളിൽ മാസങ്ങളായി ഒരു തീരുമാനവുമെടുക്കാത്ത തരത്തിൽ എത്ര എണ്ണം ഓരോ മാസവും പെൻഡിംഗായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഡി.ഐ.എസ്.എം, ഹോമിയോ ഡയറക്ടറേറ്റ്, മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടറേറ്റ് എന്നീ വകുപ്പുകളിൽ തീരുമാനമെടുക്കാത്ത ഫയലുകൾ ഒന്നുംതന്നെയില്ല. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2016 മെയ് മാസം വരെയുള്ള ലഭ്യമായ കണക്കനുസരിച്ച്, ആറുമാസം വരെ പെൻഡിംഗായ 2550 ഫയലുകളും ഒരു വർഷം വരെ പെൻഡിംഗായ 1963 ഫയലുകളും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അടിയന്തിര പ്രാധാന്യമുള്ള ഫയലുകളിലും / തപാലുകളിലും ഇപ്പോൾ എത്ര ദിവസത്തിനകം തീരുമാനമുണ്ടാക്കി അപേക്ഷകർക്കോ ബന്ധപ്പെട്ട വകുപ്പുകൾക്കോ അയച്ചുനൽകുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | അടിയന്തിര പ്രാധാന്യമുള്ള ഫയലുകളിൽ 5 ദിവസം മുതൽ 14 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കാറുണ്ട്. ചികിത്സാ ധനസഹായത്തോടനുബന്ധിച്ചുള്ളവ തീർപ്പുകൽപ്പിക്കുന്നതിന് 30 ദിവസം വരെ സമയമെടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ